# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ സേവനങ്ങളും ഭരണവും മെച്ചപ്പെടുത്തുവാൻ നടപടി</u>

3335 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ സേവനങ്ങളും ഭരണവും മെച്ചപ്പെടുത്തുവാൻ എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൊണ്ട് എന്തൊക്കെ ഭരണപരമായ ഗുണങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകാൻ പോകുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി എത്ര സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായുള്ള സാമ്പത്തിക ചെലവ് എങ്ങനെ കണ്ടെത്താനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഇതിനകം എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ഗ്രാമസഭകളിൽ ജനപങ്കാളിത്തം</u>

3336 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി ജനാഭിലാഷം പ്രതിഫലിപ്പിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>മാലിന്യ സംസ്കരണ പദ്ധതി</u>

3337 ശ്രീ.ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, എ.റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ വിമുക്ത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം :വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പഞ്ചായത്തുകളിൽ മാലിന്യസംസ്കരണ പദ്ധതി എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; എവിടെയെല്ലാമാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(സി) വീടുകളിലെ മാലിന്യങ്ങൾ എങ്ങനെ സംസ്ക്കരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>സമഗ്ര മാലിന്യ വിമുക്ത പദ്ധതി</u>

3338 ശ്രീ. വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര മാലിന്യ വിമുക്ത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പഞ്ചായത്തുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) വീടുകളിൽ ഉണ്ടാകുന്ന മാലിന്യം എങ്ങനെ കൈകാര്യം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സന്നദ്ധ സംഘടനകളുടെയും എൻ.ജി.ഒ. കളുടെയും പങ്കാളിത്തം ഉറപ്പാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ മാലിന്യസംസ്ക്കരണ പ്ലാന്റ്</u>

3339 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മാലിന്യ നിർമ്മാർജനത്തിനായി എന്തെല്ലാം സംവിധാനങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) എല്ലാ പഞ്ചായത്തുകളിലും മാലിന്യ നിർമ്മാജന പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടോ;

(സി) മാലിന്യ നിർമാർജ്ജന പ്ലാന്റുകൾ നിലവിൽ ഇല്ലാത്ത പഞ്ചായത്തുകളുടെ പേരുകൾ ലഭ്യമാക്കാമോ;

(ഡി) മാലിന്യ സംസ്കരണ പ്ലാന്റുകൾക്കായി ജില്ലയിൽ ഇതുവരെ ചെലവഴിച്ച തുക എത്ര;

(ഇ) എല്ലാ പഞ്ചായത്തിന് കീഴിലും മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) നിലവിലുള്ള പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കാൻ ഉദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ

3340 ശ്രീ. രമേശ് ചെന്നിത്തല
'' വി.ഡി. സതീശൻ
'' എ.പി. അബ്ദുള്ളക്കുട്ടി
'' എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികളുടെ അംഗീകാരത്തിനും, നിർവ്വഹണത്തിനും മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ വളരെയധികം കാലവിളംബം നേരിട്ടിരുന്നുവെന്ന വസ്തുത ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി അനുവദിക്കുന്നതിനും, പദ്ധതി തയ്യാറാക്കുന്നതിനും അംഗീകാരം നേടുന്നതിനും മറ്റും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ വേണ്ടി പുതിയ ഏതെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി</u>

3341 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയിൽ ഭവനവായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് സ്വന്തം പേരിൽ റേഷൻ കാർഡ് വേണമെന്ന നിർദ്ദേശം നിലവിലുണ്ടോ;

(ബി) സ്വന്തമായി വീടില്ലാത്തവരാണ് പ്രസ്തുത പദ്ധതിക്കർഹർ എന്നിരിക്കെ അവർക്ക് സ്വാഭാവികമായും റേഷൻ കാർഡില്ലാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം മൂലം അർഹരായ ഒട്ടേറെ പേർക്ക് പദ്ധതിയിൽ നിന്ന് ഭവനവായ്പക്കപേക്ഷിക്കാൻ കഴിയാത്ത നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി

3342 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. രാധാകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എത്ര;

(ബി) പ്രസ്തുത പദ്ധതിയുടെ പലിശ ഇനത്തിൽ ബാങ്കുകൾക്ക് സർക്കാർ നൽകേണ്ട തുക കൃത്യമായി നൽകുന്നുണ്ടോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

## സാന്ത്വന പരിചരണ നയം നടപ്പിലാക്കൽ

3343 ശ്രീ. പി. കെ. ബഷീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകത്ത് ആദ്യമായി സാന്ത്വന പരിചരണ നയം (പാലിയേറ്റീവ് കെയർ പോളിസി) നടപ്പിലാക്കിയ സംസ്ഥാനമായ കേരളത്തിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹോം കെയർ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്;

(ബി) സർക്കാർ അനുമതിയും, മതിയായ ഫണ്ടും ലഭ്യമായിട്ടും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാകാതെ പോയതിന്റെ കാരണം വിശദമാക്കുമോ;

(സി) പദ്ധതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കുടുംബശ്രീ വിജയാനുഭവസംഗമങ്ങൾ</u>

3344 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കുടുംബശ്രീ വിജയാനുഭവ സംഗമങ്ങൾ ആണ് നടന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംഗമങ്ങൾ നടത്തുന്നതിന്റെയും സംഗമ കേന്ദ്രങ്ങൾ തീരുമാനിക്കുന്നതിന്റെയും മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) നിയോജകമണ്ഡലത്തിന്റെയും വികസന ബ്ലോക്കിന്റെയും ആസ്ഥാനം പരിഗണിക്കാതെ മറ്റു കേന്ദ്രങ്ങളിൽ സംഗമം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ?

**കേരള നിയമസഭ**
**14.10.2011-ലെ മറുപടിക്ക്**

<u>കോക്ലിയർ ഇംപ്ലാന്റേഷൻ</u>

3345 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോക്ലിയർ ഇംപ്ലാന്റേഷനുളള ധനസഹായം പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ പുറത്തിറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>തെരുവ് പട്ടികളിൽ നിന്ന് ആക്രമണം തടയുന്നതിന് നടപടി</u>

3346 ശ്രീ. വി. ശിവൻകുട്ടി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ആർ. രാജേഷ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരുവ് പട്ടികളിൽ നിന്ന് ജനങ്ങൾക്ക് ആക്രമണം നേരിടുന്നത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ വർഷം തലസ്ഥാന നഗരത്തിൽ മാത്രം പട്ടികടിയേറ്റ് ചികിത്സ തേടേണ്ടി വന്നവരെത്രയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം ജീവനക്കാര്‍ക്ക് റ്റി.എ/ഡിഎ

3347 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യ ക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളിലെ സ്ഥിരം ജീവനക്കാരുടെ റ്റി.എ/ഡി.എ ഇനത്തിലുള്ള ചെലവുകള്‍ ജനറല്‍ പര്‍പ്പസ് ഫണ്ടില്‍നിന്നും വഹിക്കണമെന്നുള്ള ഉത്തരവ് എന്നാണ് പുറത്തിറക്കിയത്;

(ബി) ആയത് റദ്ദ് ചെയ്ത് പിന്നീട് ഉത്തരവ് ഇറക്കിയിരുന്നോ;

(സി) എങ്കില്‍ എന്തുസാഹചര്യത്തിലാണ് മേല്‍ ഉത്തരവ് റദ്ദ് ചെയ്തത്;

(ഡി) ഇങ്ങനെ റദ്ദ് ചെയ്യുമ്പോള്‍ ഗ്രാമവികസന വകുപ്പില്‍ നിന്നും ഡ്രൈവര്‍മാര്‍ക്ക് റ്റി.എ/ഡി.എ നല്കാനുള്ള മതിയായ തുക ബ്ലോക്ക് പഞ്ചായത്തുകള്‍ക്ക് അനുവദിച്ചു നല്കിയിരുന്നോ; ഏത് കാലയളവു വരെയുള്ള റ്റി.എ/ഡി.എ പൂര്‍ണ്ണമായും കൊടുത്ത് തീര്‍ത്തിട്ടുണ്ട്;

(ഇ) ബ്ലോക്ക് പഞ്ചായത്തുകള്‍ക്ക് ഈ ഇനത്തില്‍ തുച്ഛമായ അലോട്ട്മെന്റ് മാത്രമേ നല്കാനുള്ളൂ എന്ന വിഷയം കണക്കിലെടുത്ത് ഉത്തരവ് പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

ഐ.കെ.എം. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

3348 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച് നൽകിയിട്ട് എത്ര വർഷമായി ;

(ബി) സമാന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തേക്കാൾ കുറഞ്ഞ ശമ്പളമാണ് ഐ. കെ. എം. ജീവനക്കാർക്ക് ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പുതിയ നിരക്കിലുള്ള ശമ്പളം എന്നു മുതൽ ലഭിച്ചു തുടങ്ങും ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

മരാമത്ത് പണികൾക്ക് പുതിയ നിരക്ക്

3349 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിലെ മരാമത്ത് പണികൾക്ക് കരാർ നൽകുന്നതിന് പുതിയ നിരക്കുകൾ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അനർഹർ ആനുകൂല്യങ്ങൾ അനുഭവിച്ച് വരുന്നതിനെതിരെ നടപടി</u>

3350 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളിൽ അർഹതയില്ലാത്തവർ വ്യക്തിഗത ആനുകൂല്യങ്ങൾ അനുഭവിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>ഫയൽ ട്രാക്കിംഗ് സംവിധാനം</u>

3351 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തിൽ ഫയൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) എല്ലാ ജില്ലാ പഞ്ചായത്തുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലാ പഞ്ചായത്തുകളിലാണ് ഈ സംവിധാനം നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

കെട്ടിടനികുതി കുടിശ്ശിക തടയാൻ നടപടി

3352 ശ്രീ.കെ. ദാസൻ
,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ
,, രാജു എബ്രഹാം
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തിക ഞെരുക്കത്തിൽ കഴിയുമ്പോഴും, സ്വകാര്യ സംരംഭകരും വ്യക്തികളും മറ്റും നടത്തുന്ന സ്ഥാപനങ്ങൾ കെട്ടിടനികുതി വൻതോതിൽ കുടിശ്ശിക വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരത്ത് ടെക്നോപാർക്കിലെ കെട്ടിടങ്ങളിൽ നിന്നും കോടികൾ കുടിശ്ശിക വരുത്തിയ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം സ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നത് തടയാൻ പ്രത്യേകമായ നടപടികൾക്ക് തയ്യാറാകുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ ഓണറേറിയം</u>

3353 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം ഇപ്പോൾ എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ക്ഷേമപെൻഷൻ വിതരണത്തിലെ വീഴ്ച</u>

3354 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്തിനുമുമ്പ് വിവിധ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഏതെങ്കിലും പഞ്ചായത്തുകൾ ദേവികുളം മണ്ഡലത്തിലുണ്ടോ;

(ബി) പെൻഷനുകൾ ഓണത്തിനുമുമ്പു തന്നെ ഗുണഭോക്താക്കളുടെ കൈവശം എത്തുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനു സംവിധാനമുണ്ടോ;

(സി) വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ഇവർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011–ലെ മറുപടിക്ക്

<u>ക്ഷേമപെൻഷനുകൾ വിതരണം ചെയ്യാത്ത പഞ്ചായത്തിനെതിരെ നടപടി</u>

3355 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗ്രാമ പഞ്ചായത്തിൽ സർക്കാർ അനുവദിച്ച ക്ഷേമ പെൻഷനുകൾ കഴിഞ്ഞ ഓണക്കാലത്ത് നൽകിയിട്ടുണ്ടോ ;

(ബി) ഇല്ല എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ പഞ്ചായത്ത് ഭരിക്കുന്നത് ഏത് കക്ഷിയാണ് ;

(ഡി) സർക്കാർ നൽകിയ പണം ഗുണഭോക്താക്കൾക്ക് നൽകാത്ത പഞ്ചായത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

വിവിധ ക്ഷേമപെൻഷനുകൾ

3356 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ലഭിക്കുന്ന വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ പാസാക്കുന്നതിന് സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ക്ഷേമപെൻഷനുകൾക്കാണ് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ആവശ്യമുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണ റിപ്പോർട്ട് യഥാസമയം ലഭിക്കാത്തത് കൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്ത് നിർദ്ദേശമാണ് സർക്കാർ പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത്?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കര്‍ഷകത്തൊഴിലാളി പെന്‍ഷന്‍ വിതരണം</u>

3357 ശ്രീ. വി. എസ്. സുനില്‍കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകത്തൊഴിലാളി പെന്‍ഷന്‍ ഓണത്തിനു മുമ്പ് വിതരണം ചെയ്യാത്ത എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ട് ;

(ബി) വിതരണം ചെയ്യുന്നതില്‍ വീഴ്ച വരുത്തിയ സെക്രട്ടറിമാര്‍ക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സർവ്വീസ്</u>

3358 ശ്രീ. ഇ. പി. ജയരാജൻ
,, എം. ഹംസ
,, ആർ. രാജേഷ്
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) അധികാര വികേന്ദ്രീകരണത്തിന് സുപ്രധാന പങ്ക് വഹിക്കുന്ന ഘടകമാണിതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മുൻ സർക്കാർ ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>എല്ലാ പഞ്ചായത്തുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി</u>

3359 ശ്രീ.പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം ഏത് ഘട്ടംവരെയായി ;

(ബി) ഇതിനോടകം എത്ര പഞ്ചായത്തുകളിൽ കമ്പ്യൂട്ടറിന്റെ സേവനം ലഭ്യമായി തുടങ്ങി ; വ്യക്തമാക്കുമോ ;

(സി) കമ്പ്യൂട്ടറിന്റെ സേവനം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

ഒഴിവുകൾ നികത്താൻ നടപടി

3360 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളിൽ ഡെപ്യൂട്ടേഷൻ വഴി നികത്തപ്പെടേണ്ട കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; ഏതൊക്കെ ജില്ലകളിൽ;

(ബി) ഒഴിവുള്ള സി. എ. തസ്തികകളിൽ ദിവസവേതനത്തിന് ആളെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണെന്നും അവരുടെ യോഗ്യത എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ ഡെപ്യൂട്ടേഷൻ വഴി നികത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ഖരമാലിന്യ സംസ്കരണത്തിന് സമഗ്രമായ പദ്ധതി

3361 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിന് സമഗ്രമായ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) മാലിന്യ സംസ്കരണം എന്ന നിലയിൽ പ്രവർത്തനത്തിൽ മുൻഗണന നിശ്ചയിക്കാമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വികലാംഗർക്ക് തദ്ദേശസ്വയം ഭരണത്തിൽ പങ്കാളിത്വം</u>

3362 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഗുണഭോക്താക്കളുടെ പങ്കാളിത്തം പ്രധാനമായും ഉറപ്പാക്കുന്നതിൽ ഒരു ഘടകം ഗ്രാമ സഭകളാണോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ വികലാംഗർക്ക് വേണ്ടിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ രൂപം നൽകുമ്പോൾ വികലാംഗരുടെ പങ്കാളിത്തം ഉറപ്പാക്കാൻ പൊതുസഭ വിളിച്ചു കൂട്ടണമെന്ന് നിർദ്ദേശമുണ്ടോ ;

(സി) എങ്കിൽ മിക്ക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും പ്രസ്തുത സർക്കാർ ഉത്തരവ് ഗൗരവമായി എടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് ശാരീരക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോടുള്ള വിവേചനവും പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും പങ്കാളികളാകാനുള്ള അവരുടെ അവകാശനിഷേധവുമായി കാണുമോ ;

(ഇ) എങ്കിൽ ഈ നിർദ്ദേശം നടപ്പാക്കാൻ വിമുഖത കാണിക്കുന്ന പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(എഫ്) കൂടാതെ ഇതിൽ വീഴ്ച വരുത്തുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഡി.പി.സി. ക്ക് അംഗീകാരം നൽകാതിരിക്കുന്നകാര്യം സർക്കാർ പരിഗണിക്കുമോ ;

(ജി) അതുവഴി ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും പങ്കാളിത്തം ഉറപ്പുവരുത്തുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

ഇ. എം. എസ്. ഭവന പദ്ധതി

3363 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂരഹിത- ഭവനരഹിത ആളുകൾക്കായി നടപ്പാക്കിയ ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം എത്രയാളുകൾക്കാണ് വീട് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; ഇതിനായി തയ്യാറാക്കിയ ലിസ്റ്റിലെ എത്രയാളുകൾക്കാണ് ഓരോ പഞ്ചായത്തിലും ഇനിയും ഈ ആനുകൂല്യം നൽകാൻ കഴിയാത്തത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരമാളുകൾക്ക് ഭൂമിയും വീടും നൽകുന്നതിനായി ഏതെങ്കിലും പുതിയ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; പദ്ധതി നടപ്പിലാക്കുന്നത് എങ്ങനെ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ഇ.എം.എസ്. പാർപ്പിട പദ്ധതിയ്ക്കുള്ള വായ്പാ വിതരണ നടപടികൾ

3364

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗ്രാമപഞ്ചായത്തുകൾ സഹകരണ ബാങ്കുകൾ വഴി നടപ്പിലാക്കിയ ഇ.എം.എസ്. പാർപ്പിട പദ്ധതിക്കുള്ള വായ്പാ വിതരണ നടപടികൾ നിറുത്തലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകൾ ആസൂത്രണം ചെയ്തിട്ടുള്ള ഭവനനിർമ്മാണപദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

ക്ഷീര സാഗര പദ്ധതി

3365 ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ വഴി ക്ഷീരസാഗര പദ്ധതി ആദ്യമായി നടപ്പിലാക്കിയത് എപ്പോഴാണ് ; ഈ വർഷം എത്ര പുതിയ യൂണിറ്റുകൾ ആരംഭിക്കും ; ഇപ്പോൾ എത്ര യൂണിറ്റുകൾ ഉണ്ട് ;

(ബി) ക്ഷീര സാഗര പദ്ധതി നടപ്പിലാക്കാൻ കുടുംബശ്രീയ്ക്ക് സർക്കാർ ഈ വർഷം എന്തു തുക പുതുതായി അനുവദിക്കുകയുണ്ടായി ; തന്നാണ്ടിലെ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) 2011 സെപ്റ്റംബർ 3 ന് ഈ പദ്ധതിയെക്കുറിച്ച് മാധ്യമങ്ങളിൽ പരസ്യം നല്കിയ ഇനത്തിൽ പഞ്ചായത്ത്, സാമൂഹ്യക്ഷേമ, ഇൻഫർമേഷൻ വകുപ്പുകൾക്ക് എന്ത് തുക ചെലവ് വരും ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ ട്രൈബ്യൂണലുകൾ

3366 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഓഫീസിൽ എത്ര ജീവനക്കാരുടെ ഒഴിവുകളാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഏതു മാർഗ്ഗത്തിലൂടെയാണ് ഈ ഓഫീസിലുള്ള ഒഴിവുകളിലേക്കു നിയമനം നടത്തുന്നതെന്നു വ്യക്തമാക്കാമോ ?

(ഡി) ഈ ഓഫീസിലേക്കുള്ള നിയമനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജുഡീഷ്യറിയിൽ നിന്നും മാത്രമായി പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ നടപടി</u>

3367 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ ;

(ബി) ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം കുറയ്ക്കുന്നതിനും മെച്ചപ്പെട്ട സേവനം ജനങ്ങള്‍ക്ക് ലഭ്യമാക്കുന്നതിനുമായി ആവിഷ്ക്കരിക്കാന്‍ ഉദ്ദേശിക്കുന്ന പദ്ധതികള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഇ-ഗവേണന്‍സ് സമ്പ്രദായം പഞ്ചായത്തുകളില്‍ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പേവിഷബാധ ഒഴിവാക്കാന്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍</u>

3368 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളില്‍ പേപ്പട്ടിയുടെ കടിയേറ്റ് നൂറ് കണക്കിന് ആളുകള്‍ ആശുപത്രിയില്‍ ചികില്‍സ തേടിയിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ എണ്ണം വര്‍ദ്ധിക്കുകയും പേപ്പട്ടിയുടെ ശല്യം മനുഷ്യര്‍ക്കും വളര്‍ത്തുമൃഗങ്ങള്‍ക്കും ഭീഷണിയായി തീരുകയും ചെയ്ത സാഹചര്യത്തില്‍ പേവിഷബാധ ഒഴിവാക്കാന്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ടിലെയും കേരളാ മുനിസിപ്പല്‍ ആക്ടിലേയും ബന്ധപ്പെട്ട വകുപ്പുകള്‍ അലഞ്ഞ്തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് പര്യാപ്തമാണോ ; എങ്കില്‍ പ്രസ്തുത വകുപ്പ് അനുസരിച്ച് എന്തൊക്കെ പരിപാടികളാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങള്‍ക്ക് നടപ്പിലാക്കാന്‍ നിര്‍ദ്ദേശിച്ചിട്ടുള്ളത് ; ഈ പരിപാടികള്‍ നടപ്പിലാക്കാന്‍ തടസ്സമുണ്ടെങ്കില്‍ അത് ഒഴിവാക്കാന്‍ സ്വീകരിച്ച നടപടികള്‍ വിശദീകരിക്കാമോ ;

(ഡി) പേവിഷബാധയ്ക്ക് എതിരെ നടത്തുന്ന കുത്തിവെയ്പ്പിനുള്ള മരുന്ന് എല്ലാ പ്രാഥമികാ രോഗ്യ കേന്ദ്രങ്ങള്‍ വഴി സൗജന്യമായി നല്‍കുവാന്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വീട്ടുകരം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി</u>

3369 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ചെറിയനാട് പഞ്ചായത്തിൽ തുരുത്തിമേൽ വാർഡിൽ ചിറമേൽ വീട്ടിൽ സി.ഐ. തോമസ് പുതിയതായി നിർമ്മിച്ച വീടിന് എത്ര രൂപയാണ് വീട്ടുകരമായി തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വീടിന്റെ വിസ്തീർണ്ണം എത്രയെന്ന് വിശദമാക്കുമോ;

(സി) നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഈ വീടിന് എത്ര രൂപയാണ് യഥാർത്ഥത്തിൽ കരം ചുമത്തേണ്ടത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വീടിന്റെ കരം ആഡംബര ഇനത്തിൽപ്പെടുത്തി നിശ്ചയിക്കുവാൻ ഉണ്ടായ സാഹചര്യമെന്തെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

മാലിന്യ സംസ്കരണത്തിന് നടപടി

3370 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തുകളിലെ മാലിന്യസംസ്കരണത്തിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്;

(ബി) മാലിന്യസംസ്കരണത്തിന് ഓരോ പഞ്ചായത്തിനും പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>താത്ക്കാലിക ജീവനക്കാരുടെ വേതനം</u>

3371 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. ആശുപത്രികളിൽ താൽക്കാലികമായി ജീവനക്കാരെ നിയമിക്കേണ്ട സന്ദർഭങ്ങളിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകിയിരുന്ന കാര്യം ശ്രദ്ധയിൽപെട്ടിരുന്നോ;

(ബി) എങ്കിൽ ഇങ്ങനെ വേതനം നൽകുന്നതിനുള്ള പഞ്ചായത്തിന്റെ അധികാരം നിറുത്തലാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ;

(സി) ഇതിന്റെ ഭാഗമായി അത്യാവശ്യ ജീവനക്കാരില്ലാതെ ആശുപത്രികളുടെ പ്രവർത്തനം മുടങ്ങുന്നകാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(ഡി) സ്ഥിരമായി ജീവനക്കാരെ നിയമിക്കുന്നതുവരെ താൽകാലിക ജീവനക്കാർക്ക് വേതനം നൽകുന്നതിനുള്ള പഞ്ചായത്തുകളുടെ അധികാരം പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വീടുകൾക്ക് നികുതി ഒഴിവാക്കൽ</u>

3372 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സുനാമി ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി ഇൻസിറ്റു പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾക്ക് വീട് നികുതി ഒഴിവാക്കി കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ കൺടോൺമെന്റ് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി</u>

3373 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൺടോൺമെന്റ് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കല്യാശ്ശേരി പഞ്ചായത്തിൽ ഒഴിവുള്ള തസ്തിക നികത്താൻ നടപടി</u>

3374 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ എന്തൊക്കെ തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരേ ഗ്രേഡിലുള്ള പഞ്ചായത്തുകളിൽ വ്യത്യസ്തമായി തസ്തികകൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ;

(സി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി പഞ്ചായത്തിൽ തസ്തികകൾ പുന:ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ നിവേദനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പഞ്ചായത്തിൽ പുനർവിന്യാസം വഴിയുള്ള തസ്തികയിൽ ഒഴിവുള്ള തസ്തികനികത്താൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ ഓട്ടോ - ടാക്സി സ്റ്റാന്റുകൾ</u>

3375 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ ഓട്ടോ, ടാക്സി സ്റ്റാന്റുകൾ എത്രയെന്നും അവ ഏതൊക്കെ പഞ്ചായത്തിലാണെന്നും വ്യക്തമാക്കാമോ; പുതുതായി സ്റ്റാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

ബഡ്സ് സ്കൂൾ

3376 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്കൂൾ നിലവിലുണ്ടോ ;

(ബി) ഇല്ല എങ്കിൽ എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം</u>

3377 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സേറ്റഷൻ നിർമ്മിക്കുന്നതിന് പഞ്ചായത്ത് വക സ്ഥലം അനുവദിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം അംഗീകാരത്തിനായി പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചുവോ;

(ബി) ആയതിന് അനുകൂലമായ തീരുമാനവും അംഗീകാരവും നൽകിയോ;

(സി ഇല്ല എങ്കിൽ നൽകുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് രൂപീകരിക്കുന്ന നടപടി</u>

3378 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി ഒരു പഞ്ചായത്ത് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അടിയന്തിര നടപടി കൈകൊള്ളുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പെൻഷൻ ആനുകൂല്യങ്ങൾ</u>

3379 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ നിലനിൽക്കുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നല്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ</u>

3380 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തുകളിൽ ഡെപ്യൂട്ടേഷൻ വഴി നികത്തപ്പെടേണ്ട കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ ഡെപ്യൂട്ടേഷൻ വഴി നികത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കിലയുടെ പ്രവർത്തനം</u>

3381 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)യുടെ സ്ഥാപന ലക്ഷ്യം എന്താണ്;

(ബി) ഒരേ സമയം എത്ര ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അവിടെ പരിശീലന സൗകര്യമുണ്ട്; ഡീംഡ് യൂണിവേഴ്സിറ്റിയായി മാറുമ്പോൾ ഇന്നത്തെ ചുമതലകൾ നിർവ്വഹിക്കുന്നതിന് എന്ത് ബദൽ സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) വികേന്ദ്രീകൃത പരിശീലന പരിപാടികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്ത് സംവിധാനമാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കിലയിലെ അനധികൃത നിയമനങ്ങൾക്കെതിരെ നടപടി</u>

3382 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിലയിൽ മുൻ സർക്കാരിന്റെ കാലത്തു നിരവധി അനധികൃത നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതെക്കുറിച്ച് അന്വേഷിച്ച് എത്രപേർക്ക് അത്തരത്തിൽ അനധികൃത നിയമനം നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അനധികൃത നിയമനം ലഭിച്ചവരെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കിലയിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക</u>

3383 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലെ നിലവിലുള്ള രണ്ട് ഡെപ്യൂട്ടി സയറക്ടർ തസ്തിക നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികള്‍</u>

3384 ശ്രീ. ഷാഫി പറമ്പില്‍
,, വി.ഡി. സതീശന്‍
,, എം.പി. വിന്‍സെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിന് □കില□ എന്തെല്ലാം കര്‍മ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഗ്രാമസഭകളില്‍ എം.എല്‍.എ മാരുടെ പങ്കാളിത്തം ഉറപ്പാക്കാന്‍ നടപടി എടുക്കുമോ;

(സി) ഗ്രാമസഭയുടെ അധികാരങ്ങള്‍ വര്‍ദ്ധിപ്പിക്കുവാന്‍ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കൊടുവള്ളി ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് റോഡ് വികസനം</u>

3385 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് റോഡ് വികസിപ്പിക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) റോഡ് വികസനത്തിനായി വ്യാപാരി സമൂഹം സ്ഥലം വിട്ടു നൽകിയിട്ടുണ്ടോ ;

(സി) സ്ഥലം വിട്ടു നൽകിയപ്പോൾ പഞ്ചായത്ത് നൽകിയ ഉറപ്പുകൾ പാലിക്കാത്തത് മൂലം പുനർ നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് നമ്പറിട്ടു നൽകാത്ത പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി കാര്യക്ഷമമാക്കുന്നതിന് നടപടി</u>

3386 ശ്രീ. റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ നിരാലംബർക്കായി നടപ്പാക്കുന്ന ആശ്രയ പദ്ധതിയുടെ നടത്തിപ്പ് നിരീക്ഷിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ എല്ലാ പഞ്ചായത്തുകൾക്കും സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാത്ത പഞ്ചായത്തുകളുടെ വിവരങ്ങൾ ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും പദ്ധതിയുടെ നടത്തിപ്പ് ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

വയോജനക്ഷേമത്തിന് വിവിധ പദ്ധതികൾ

3387 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
'' മഞ്ഞളാംകുഴി അലി
'' വി.എം. ഉമ്മർ മാസ്റ്റർ
'' കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ കാര്യത്തിൽ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) വൃദ്ധജനങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇവർക്ക് ഒത്തു ചേരുന്നതിനും, മാനസികോല്ലാസത്തിനും, ഇവരുടെ അറിവും, ശേഷിയും പ്രയോജനപ്പെടുത്തുന്നതിനും പഞ്ചായത്തു തലത്തിൽ പദ്ധതികളെന്തെങ്കിലും ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉപജീവനത്തിനും, ആരോഗ്യസംരക്ഷണത്തിനും, താമസത്തിനും സഹായം ആവശ്യമുള്ള വൃദ്ധജനങ്ങളുടെ കണക്കെടുപ്പു നടത്തി ആനുകൂല്യം ലഭ്യമാക്കുന്നതിന് പ്രത്യേക തിരിച്ചറിയൽ കാർഡ് നല്കുന്ന കാര്യം പരിശോധിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വയോജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക് സംവിധാനം</u>

3388

ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾക്കു വേണ്ടി എല്ലാ ജില്ലകളിലും ഹെൽപ്പ് ഡെസ്ക് സംവിധാനം ആരംഭിക്കുമോ;

(ബി) 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗജന്യ ആംബുലൻസ്, മൊബൈൽ ക്ലിനിക്കുകൾ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വയോജനനയത്തിലെ കർമ്മ പദ്ധതികൾ</u>

3389 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന വയോജന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്;

(ബി) പുതിയ വയോജനനയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വയോജന ഉപദേശകസമിതി രൂപികൃതമായിട്ടുണ്ടോ; ഇതിലെ അംഗങ്ങൾ ആരൊക്കെയാണ് ;

(ഡി) വയോമിത്രം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വയോജന നയത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ</u>

3390 ശ്രീ. രമേശ് ചെന്നിത്തല
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വയോജനസംഖ്യ നമ്മുടെ നിലവിലുള്ള സാമൂഹിക അന്തരീക്ഷത്തേയും, അവസ്ഥയേയും എപ്രകാരം സ്വാധീനിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള പഠന നടപടികൾ സ്വീകരിക്കുമോ :

(ബി) വയോജനനയത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് മുൻസർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

വാര്‍ദ്ധക്യകാല പെന്‍ഷന്‍ കുടിശ്ശിക വിതരണം

3391 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൃദ്ധജനങ്ങളോട് ഏതുതരം കാഴ്ചപ്പാടാണ് ഈ സര്‍ക്കാരിനുള്ളത് എന്നു വ്യക്തമാക്കാമോ; വൃദ്ധജനങ്ങള്‍ക്ക് നല്‍കുന്ന പെന്‍ഷന്‍ തുക നിലവില്‍ എത്ര രൂപയാണെന്നു പറയാമോ; വാര്‍ദ്ധക്യകാല പെന്‍ഷന്‍ കുടിശ്ശിക വിതരണം ചെയ്യാനുണ്ടോ; ഉണ്ടെങ്കില്‍ എത്ര മാസത്തേത്;

(ബി) ഈ സര്‍ക്കാര്‍ നിലവില്‍ വന്നതിനുശേഷം വാര്‍ദ്ധക്യകാല പെന്‍ഷന്‍ വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കില്‍ എത്ര രൂപയാണ് വര്‍ദ്ധിപ്പിച്ചിട്ടുളളത്; മറ്റ് ക്ഷേമ പെന്‍ഷനുകള്‍ വര്‍ദ്ധിപ്പിച്ചിട്ടും വാര്‍ദ്ധക്യകാല പെന്‍ഷന്‍ വര്‍ദ്ധിപ്പിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ; വൃദ്ധജനങ്ങള്‍ക്ക് നല്‍കിവരുന്ന ഈ പെന്‍ഷന്‍ കുടിശ്ശികയില്ലാതെ നല്‍കാനും തുക വര്‍ദ്ധിപ്പിച്ചു നല്‍കാനും നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**14.10.2011-ലെ മറുപടിക്ക്**

<u>അശരണർക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി</u>

3392 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രായാധിക്യത്താലും, മറ്റവശതയാലും കഷ്ടപ്പെടുന്ന വൃദ്ധർ, വിധവകൾ, അശരണർ മുതലായവരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദീകരിയ്ക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ സംരക്ഷണത്തിനായി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നത്;

(സി 2011 ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ എത്ര തുക ചെലവഴിച്ചു; എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി എന്ന് വിശദമാക്കാമോ;

(ഡി) മേൽവിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ഇ) അതിൽ എത്ര എണ്ണം അനുവദിച്ചു എന്നതിന്റെ കണക്ക് ജില്ലാടിസ്ഥാനത്തിൽ നൽകാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

3393 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യം ലഭ്യമാകുന്നില്ലെന്നകാര്യം സാമൂഹ്യക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരെ പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തുന്നതിനും ഇവരുടെ പ്രീമിയം തുക സർക്കാരിൽ നിന്നുതന്നെ ലഭ്യമാക്കുന്നതിനും വകുപ്പ് നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രം

3394

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ വികലാംഗർക്കുള്ള തൊഴിൽ പരിശീലനം മെച്ചപ്പെട്ടതാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്</u>

3395 ശ്രീ. ബെന്നി ബെഹനാൻ
'' ഐ. സി. ബാലകൃഷ്ണൻ
'' എ. റ്റി. ജോർജ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ;

(ബി) എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുമോ ;

(സി) ഇങ്ങനെ നൽകുന്ന തിരിച്ചറിയൽ കാർഡ് ഏതൊക്കെ ആവശ്യങ്ങൾക്കാണ് പ്രയോജനപ്പെടുത്താൻ കഴിയുന്നത് ;

(ഡി) വൈകല്യം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകാൻ സംവിധാനമൊരുക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>അരൂര്‍ മണ്ഡലത്തില്‍ ആശ്വാസ കിരണം പദ്ധതി</u>

3396 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ മണ്ഡലത്തില്‍ സ്വന്തം നിലയില്‍ പ്രാഥമിക ആവശ്യം നിറവേറ്റാന്‍ കഴിയാത്ത എത്ര വികലാംഗരെയാണ് സാമൂഹ്യക്ഷേമ വകുപ്പ് കണ്ടെത്തിയിരിക്കുന്നത്; ഇത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; ഇവരെ ആശ്വാസ കിരണം പദ്ധതിയില്‍ എന്ന് ഉള്‍പ്പെടുത്തുമെന്നും സഹായങ്ങള്‍ നല്‍കുമെന്നും അറിയിക്കുമോ;

(ബി) വികലാംഗര്‍ക്ക് കാര്‍ഡ് വിതരണം നടത്തുന്ന പദ്ധതി ഇനി ഏതെങ്കിലും ജില്ലയില്‍ പൂര്‍ത്തീകരിക്കാനുണ്ടോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

3397 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് വഴി നടത്തുന്ന കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതി ഏതു വകുപ്പുമായി സഹകരിച്ചാണ് നടത്തുന്നത്;

(സി) ഈ പദ്ധതി നടത്തിപ്പിന് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>മഹിളാമന്ദിരങ്ങൾക്ക് മാനുഷികമുഖം നൽകാൻ നടപടി</u>

3398 ശ്രീ. റ്റി. വി. രാജേഷ്
'' പി. റ്റി. എ. റഹീം
'' ആർ. സെൽവരാജ്
'' സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിലുള്ള മഹിളാമന്ദിരങ്ങളിൽ അധികൃതരുടെ അനാസ്ഥയും ആവശ്യത്തിന് ഫണ്ടും മേൽനോട്ടത്തിന് സ്ഥിരം സ്റ്റാഫും ശുചീകരണത്തിനും പാചകത്തിനും ജീവനക്കാരും ഇല്ലാത്തതിനാൽ പലയിടത്തും അന്തേവാസികളാണ് ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതെന്ന മാധ്യമറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്തേവാസികൾക്ക് വേണ്ട പരിചരണവും ശരിയായ കൗൺസിലിംഗും, വൈദ്യസഹായവും നൽകി മഹിളാമന്ദിരങ്ങൾക്ക് മാനുഷിക മുഖം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടികളുടെ എണ്ണം</u>

3399 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ എത്ര അംഗൻവാടികളുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ;

(ബി) എത്ര അംഗൻവാടി വർക്കർമാരാണ് ഇപ്പോൾ താല്ക്കാലികാടിസ്ഥാനത്തിൽ വർക്കുചെയ്യുന്നത് ?

## കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടികളുടെ സൗകര്യങ്ങൾ</u>

3400 ശ്രീ.എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളുടെ നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി സൗഹൃദാന്തരീക്ഷം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടികളുടെ നവീകരണം</u>

3401 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളുടെ നവീകരണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്കുകളിൽ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ സ്വന്തം കെട്ടിടം ഇല്ലാത്തതുമായ അംഗൻവാടികളുടെ നമ്പരും വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാർക്കുള്ള പദ്ധതികൾ</u>

3402 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഐ. സി. ഡി. എസ്. പദ്ധതികൾ ലക്ഷ്യം കണ്ടെത്തുന്നതിന് അംഗൻവാടി പ്രവർത്തകരുടെ സേവനം അത്യാവശ്യമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയതും തുടങ്ങിവെച്ചതുമായ പദ്ധതികൾ തുടരാൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അംഗനവാടി ജീവനക്കാരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ</u>

3403 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗനവാടി ജീവനക്കാരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) അംഗനവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂര്‍ നിയോജക മണ്ഡലത്തിലെ പെരിങ്ങോം</u>
<u>ഐ. സി. ഡി. എസ് കെട്ടിടം</u>

3404 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പയ്യന്നൂര്‍ നിയോജകമണ്ഡലത്തില്‍ പുതുതായി അനുവദിച്ച പെരിങ്ങോം ഐ. സി. ഡി. എസ് പ്രോജക്ട് ഓഫീസിന് സ്വന്തമായി കെട്ടിടം പണിയാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടികളെ സാമൂഹ്യ വിഭവകേന്ദ്രങ്ങളാക്കുന്നതിന് നടപടി</u>

3405 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിൽ ഐ. സി. ഡി. എസ് പദ്ധതിയുടെ കീഴിൽ എത്ര അംഗൻവാടികൾ ആരംഭിച്ചുവെന്ന് ബ്ലോക്ക് അടിസ്ഥാനത്തിലുളള കണക്ക് ലഭ്യമാക്കുമോ;

(ബി) അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ;

(സി) അംഗൻവാടികളെ സാമൂഹ്യവിഭവ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുളള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>ക്ഷേമപെൻഷൻ കുടിശ്ശിക തീർക്കാൻ നടപടി</u>

3406 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011- ആഗസ്റ്റ് മാസം വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ഏതെങ്കിലും ക്ഷേമപെൻഷനുകൾ കൊടുത്തു തീർത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം പെൻഷനുകൾക്ക് കുടിശ്ശികയുണ്ടായിട്ടുണ്ട്; എത്ര മാസത്തെ?

(സി) അവ എന്ന് കൊടുത്തു തീർക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിന് നടപടി</u>

3407 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിന് അപേക്ഷകർ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരായിരിക്കണമെന്ന നിബന്ധന ഏത് ബി.പി.എൽ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്;

(ബി) പ്രായപൂർത്തിയായ ആൺ മക്കളുള്ള അപേക്ഷകർക്ക് പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്ക് സ്കോളർഷിപ്പ്

3408 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളിലെ സ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്ക്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കുട്ടികൾക്ക് ഇതുവരെ സഹായം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി ദുരിതബാധിതരായ കുടുംബങ്ങളിൽ നിന്ന് അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികളെ മേൽ സ്ക്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അംഗൻവാടി കുട്ടികളെക്കൂടി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

□ആശാ പ്രവർത്തകരുടെ സേവനം□

3409 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര □ആശ□ പ്രവർത്തകർ നിലവിലുണ്ട്;

(ബി) പ്രസ്തുത പ്രവർത്തകർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) ഇവരുടെ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള വേതനം നൽകുന്നുണ്ടോ;

(സി) കഴിഞ്ഞ സർക്കാർ പ്രസ്തുത പ്രവർത്തകരെ സ്ഥിരം ജീവനക്കാരായി ഉൾപ്പെടുത്തി സേവന വേതന വ്യവസ്ഥ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം</u>

3410 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലിൽ കഴിയുന്ന തടവുകാരുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് ധനസഹായം നൽകുന്നുണ്ടോ ;

(ബി) എത്ര രൂപയാണ് നൽകുന്നത് ; ഏതൊക്കെ ക്ലാസുകളിലെ കുട്ടികൾക്കാണ് സഹായം നൽകുന്നത് ;

(സി) ഈ വർഷം എത്ര കുട്ടികൾക്ക് ഈ ധനസഹായം നൽകി ; ആകെ എത്ര രൂപയാണ് നൽകിയത് ;

(ഡി) ഈ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഇ) ധനസഹായത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വനിതാ കമ്മീഷൻ ശുപാർശകൾ</u>

3411 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാകമ്മീഷൻ സർക്കാരിലേയ്ക്ക് നൽകുന്ന ശുപാർശകൾ നടപ്പിലാക്കാറുണ്ടോ;

(ബി) എത്ര വനിതാകമ്മീഷൻ ശുപാർശകൾ നിയമസഭ മുമ്പാകെ സമർപ്പിക്കുവാനുണ്ട്;

(സി) വനിതാകമ്മീഷന് വേണ്ടി ഓരോ വർഷവും സർക്കാർ എത്ര തുക ചെലവിടാറുണ്ട്?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം മണ്ഡലത്തിലെ അംഗൻവാടികൾക്ക് കെട്ടിടം</u>

3412 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. പ്രോജക്ടുകൾക്ക് കീഴിലുള്ള അങ്കൺവാടി കേന്ദ്രങ്ങൾ മുഖേന അമ്മമാരുടെയും കുട്ടികളുടെയും ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത് ;

(ബി) പ്രസ്തുത അങ്കൺവാടി കേന്ദ്രങ്ങൾക്ക് പലതിനും മതിയായ ഭൗതികസാഹചര്യങ്ങൾ ഇല്ലയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ അങ്കൺവാടി കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; അത്തരം അങ്കൺവാടി കേന്ദ്രങ്ങൾക്ക് കെട്ടിടം അടിയന്തിരമായി നിർമ്മിക്കുമോ ; വിശദീകരണം നല്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ അംഗൻവാടികൾ</u>

3413 ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യ ക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ നിലവിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ എത്ര എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്;

(സി) സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(ഡി) അമ്പലപ്പുഴ മണ്ഡലത്തിൽ പുതിയ അംഗൻവാടികൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>നാദാപുരം മണ്ഡലത്തിലെ വൃദ്ധക്ഷേമ പദ്ധതികൾ</u>

3414 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ എത്ര വൃദ്ധസദനങ്ങൾ, പകൽവീടുകൾ എന്നിവ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**14.10.2011-ലെ മറുപടിക്ക്**

വിവാഹ ധനസഹായ ഫണ്ട്

3415 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ ഫണ്ട് യഥാസമയം ലഭിക്കാത്തതു മൂലം നഗരസഭകളും തദ്ദേശസ്ഥാപനങ്ങളും പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010 മാർച്ചിനു ശേഷം ഫണ്ട് ലഭിച്ചില്ലെന്ന തളിപ്പറമ്പ് നഗരസഭയുടെ പരാതി ലഭിച്ചിട്ടുണ്ടോ;

(സി) 2010-11, 2011-12 വർഷത്തേയ്ക്ക് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള ഫണ്ട് അടിയന്തിരമായി ലഭ്യമാക്കുമോ?